File No.FWLD-D2/17/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 854

30.01.2019- ൽ മറുപടിയ്ക്ക്

വയനാട് ജില്ലയിലെ അനധികൃത രാത്രികാല ട്രെക്കിംഗ്

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ വനപാതകളിൽ സ്വകാര്യ റിസോർട്ടുകൾ അനധികൃതമായി രാത്രികാല ട്രെക്കിംഗ് സംഘടിപ്പിക്കുന്നത് വന്യമൃഗങ്ങൾക്ക് ദുരിതമുണ്ടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബത്തേരി, മുത്തങ്ങ, പുൽപ്പള്ളി, തോൽപ്പെട്ടി, ബാവലി, തിരുനെല്ലി, നൂൽപ്പുഴ റോഡുകളിൽ രാത്രി എട്ട് മണിയ്ക്ക് ശേഷം സ്വകാര്യ റിസോർട്ടുകളിൽ നിന്നും സഞ്ചാരികളുമായി നിരവധി വാഹനങ്ങൾ കാനനപാതയിൽ സഞ്ചരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; | (ബി) | പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടന്നു വരുന്നുണ്ട്. |
| (സി) | രാത്രിയിൽ വനപാതയിൽ ട്രെക്കിംഗിനും വാഹനം പാർക്ക് ചെയ്യുന്നതിനും മൃഗങ്ങളുടെ ഫോട്ടോ എടുക്കുന്നതിനും എന്തെങ്കിലും നിരോധനം നിലവിലുണ്ടോ ; | (സി) | രാത്രിയിൽ വനപാതയിൽ ട്രക്കിങ് നടത്തുന്നതും, വാഹനം പാർക്ക് ചെയ്യുന്നതും ഫോട്ടോ എടുക്കുന്നതും വന്യമൃഗങ്ങളെ ഉപദ്രവിക്കുന്നതും വന്യജീവി (സംരക്ഷണ) നിയമം, 1972, കേരള വന നിയമം, 1961 എന്നിവ പ്രകാരം ശിക്ഷാർഹമാണ്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ നിരോധിത സമയത്ത് ട്രെക്കിംഗ് നടത്തുന്നതിന് സഹായകരമായി കാനനപാതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ ?. | (ഡി) | ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം, നിലവിലുള്ള വന നിയമങ്ങളിൽ അനുശാസിക്കുന്ന പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ